...ക്കയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ കണ്ടുകെട്ടാവുന്നതുമാണ്. എന്നാൽ ഇലക്ഷൻ നിക്ഷേപം ഇനത്തിൽ 31.03.2023 ൽ 44500/- രൂപ ബാലൻസ്ഷീറ്റ് പ്രകാരവും രജിസ്റ്റർ പ്രകാരവും അവശേഷിയ്ക്കുന്നുണ്ട്.

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയും കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടും നൽകിയ അന്വേഷണക്കുറിപ്പിന് (3/19.10.23) കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കമ്മിറ്റി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കുന്നതാണെന്നാം മറുപടി ലഭ്യമാക്കി. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

**1-16 ഇ-ടെണ്ടർ ഫോറവില -പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല**

2022-23 വർഷം ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർഫോറവില എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനിയർ കോട്ടയത്തിന്റെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി വർഷം 65730 രൂപ ടിയിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നു. പ്രസ്തുത തുക പഞ്ചായത്തിന് ലഭ്യമായിട്ടില്ല. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-17 ടാർവീപ്പകളുടെ വില – നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാലിബാരൽവില ഉൾപ്പെടെയുള്ള തുക ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയത് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കാതെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30.10.17-ലെ 59827/എഫ്.എം/07 നമ്പർ സർക്കുലർ പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽനിന്നാണോ ടാർ വാങ്ങിയത് അഥവാ ഏത് ഫണ്ട് വിനിയോഗിച്ചാണോ പ്രവൃത്തി നടത്തിയത് അതേ ഫണ്ടിലേക്ക്, ധനകാര്യവകുപ്പിന്റെ 12.4.06-ലെ ജി.ഒ.(പി)177/06 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്.

ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.11/21.10.23) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ അടവാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട് ... നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശാനുസരണം തുക തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-18 ഉദ്ഘാടന ചെലവ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല**

ഗ്രാമപഞ്ചായത്തിലെ കാട്ടാമ്പാക്ക് പി.എച്ച്.സി യുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണോ... 03.12.2022-ൽ ബഹു. സഹകരണ രജിസ്ട്രേഷൻ മന്ത്രി ശ്രീ.വി.എൻ. വാസവൻ നടത്തുകയ... (സാധാ) നം.1255/2022/LSGD തീയതി 19-05-2022 നമ്പർ ഉത്തരവ് പ്രകാരം മന്ത്രിമാ... ഉദ്ഘാടന പരിപാടികളുടെ പരമാവധി ചെലവ് 75000/- രൂപയാണ്. എന്നാൽ കാട്ടാമ്പ... കെട്ടിട നിർമ്മാണോദ്ഘാടനവുമായി ബന്ധപ്പെട്ട വിവിധ ഇനങ്ങളിലുള്ള ചെലവുക... രൂപയുടെ റിക്വിസിഷൻ പദ്ധതിയുടെ നിർവ്വഹണം നടത്തിയ പി.എച്ച്.സി. കാട്ടാമ്പ... ഓഫീസർ സമർപ്പിക്കുകയും ടി തുക ചെക്ക് നമ്പർ 396722/311222 Rs. 99695/-... ഉദ്യോഗസ്ഥന് നൽകുകയും ചെയ്തിട്ടുണ്ട്. ചെലവഴിച്ച തുകയുടെ ബില്ലുകളുടെ

റിക്വിസിഷൻ ഫയലിലും ILGMS ലും ഉൾപ്പെടുത്തിയിട്ടുള്ളത്. തുക ചെലവഴിച്ചതിന്റെ വിശദാംശ ബന്ധപ്പെട്ട രേഖകൾ, അധികതുക ചെലവഴിച്ചതിന്റെ വിശദീകരണം എന്നിവ ലഭ്യമാക്കുന്നതിനാ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ 28/25.10.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് എക്സിറ്റ് മീറ്റിംഗിൽ നൽകിയ മറുപടിയിൽ ഉദ്ഘാടനവുമായി ബന്ധപ്പെട്ട സ്ഥലം ഒരുക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ടി തുക ചെലവായതാണെന്നും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറോട് ആവശ്യമായ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. എന്നാൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 99695/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാകാത്തപക്ഷം സർക്കാർ നിർദ്ദേശിച്ച പരിധിയിലും അധികമായി ചെലവഴിച്ച തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

**1-19 ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വ്യക്തികൾക്ക് കൂലി ചെലവ് സബ്സിഡി നൽകിയിരിക്കുന്നു**

| | |
|---|---|
| പ്രോജക്ട് | നം 85/23- നെൽ കൃഷി കൂലി ചെലവ് സബ്സിഡി |
| ചെലവ് | 72000 (പൊതു വിഭാഗം സാധാരണ വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രസ്തുത പദ്ധതി പ്രകാരം നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി ഇനത്തിൽ 12 ഗുണഭോക്താക്കൾക്കായി 72000 രൂപ നൽകിയിട്ടുണ്ട്. 07.03.23 തീയതിയിലെ ബിൽ നമ്പർ 9/22-23, തുക- 7250/- പ്രകാരം ജോയ് എ.ടി, ഏലിയാമ്മ സൈമൺ എന്നിവർക്ക് ഈയിനത്തിൽ യഥാക്രമം 3750/- രൂപയും 3500/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തികൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലയെന്ന് കാണുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായ മറ്റ് വ്യക്തികൾ ഉണ്ടായിരിക്കെ ലിസ്റ്റിൽ ഇല്ലാതിരുന്നവർക്ക് കൂലി ചെലവ് സബ്സിഡി നൽകിയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/21.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ 7250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-20 ജൈവ വൈവിധ്യ പാർക്ക് നിർമ്മാണ പദ്ധതിയിലെ അപാകതകൾ**

| | |
|---|---|
| പ്രോജക്ട് | നം.എസ്ഒ.15/23 - ജൈവ വൈവിധ്യ പാർക്ക് |
| അടങ്കൽ | 300000/- |
| ചെലവ് | 200000/- (മറ്റുള്ളവ) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

[illegible]യത്തിൽ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുന്നതിന് സുനിൽ കെ.സി. എന്ന 100[illegible]ിന്റെ കാത്തലിക് സിറിയൻ ബാങ്കിലെ 017102056429190002 അക്കൗണ്ടിൽ [illegible] [illegible]ിക വർഷം 277000 രൂപയും തൻവർഷം 200029.50 രൂപയും (ചെക്ക് നം. [illegible] നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം തൻവർഷം ലേബർ കോസ്റ്റ്, [illegible] എന്നിവ ഉൾപ്പെടെ ഊഞ്ഞാൽ, ഔഷധ ചെടികൾ, ജൈവ വേലി, [illegible]മാടം, കവാടം എന്നിവ സ്ഥാപിക്കൽ, ആമ്പൽ കുളത്തിൽ കരിങ്കല്ല് [illegible]യതായി പദ്ധതി നടത്തിപ്പ് ഏറ്റെടുത്തിട്ടുള്ള സുനിൽ കെ.സി

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിലും സ്ഥല പരിശോധന നടത്തിയതിലും പദ്ധതി നിർവഹണത്തിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുകയുണ്ടായി.

1. പദ്ധതി പ്രകാരം ഔഷധ ചെടികൾ, ജൈവ വേലി എന്നിവ സ്ഥാപിച്ചതായും ആമ്പൽകുളം കരിങ്കല്ല് പാകിയതായും അവകാശപ്പെടുന്നുണ്ടെങ്കിലും 20.10.2023 തീയതിയിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത പ്രവൃത്തികൾ നടത്തിയതായി കാണുന്നില്ല.

2. സുലേഖ പത്രിക പ്രകാരം പദ്ധതിക്ക് തൻ വർഷം 200000 രൂപയാണ് ചെലവായി കാണുന്നതെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 200029.50 രൂപ സുനിൽ കെ സി ക്ക് നൽകിയതായാണ് കാണുന്നത്.

3.കരാറിൽ പൂർത്തീകരണ കാലാവധി , പദ്ധതിയുടെ തുടർ പരിപാലനം എന്നിവ സംബന്ധിച്ച് രേഖപ്പെടുത്തലില്ല.

4. കരാറുകാരൻ നൽകിയ ലെറ്റർ പാഡിലുള്ള ബില്ലിന്റെ (കളർ ടെക് ആർട്ട് ഡെകോർ എന്ന സ്ഥാപനത്തിന്റെ തീയതികൾ രേഖപ്പെടുത്താത്ത 9 നമ്പർ ഇൻവോയ്സ്- തുക 76500 രൂപ, 11 നമ്പർ ഇൻവോയ്സ് തുക- 146500 രൂപ) അടിസ്ഥാനത്തിൽ മാത്രമാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു. ഉപരി പരിശോധന നടത്തേണ്ടത് ആരാണെന്നോ ചെയ്ത പ്രവൃത്തികളുടെ മെഷർമെന്റ് നടത്തിയതിന്റെ വിശദാംശങ്ങളോ പ്രോജക്ട് പരിശോധനയിൽ വ്യക്തമായില്ല. എം.ബുക്ക് പരിശോധനയ്ക്ക് ലഭ്യമായില്ല. മരാമത്ത് സ്വഭാവമുള്ള ഈ പ്രവൃത്തി പ്രാവീണ്യമുള്ള അക്രഡിറ്റഡ് ഏജൻസി വഴിയോ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെയോ ആയിരുന്നു നടപ്പാക്കേണ്ടിയിരുന്നത്. മരാമത്ത് ചട്ടങ്ങളും പൊതുമരാമത്ത് മാന്വലും പാലിച്ചല്ല നിർവ്വഹണം നടത്തിയിട്ടുള്ളത്. എൽ.എസ്.ജി.ഡി വിഭാഗം എഞ്ചിനീയറുടെ വാല്യുവേഷനോ റിപ്പോർട്ടോ ഇല്ലാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ആയത് ക്രമപ്രകാരമല്ല.

5. മഴക്കാലത്ത് വെള്ളം കയറുന്ന പാടത്താണ് മേൽ പ്രവൃത്തികൾ നടത്തിവരുന്നതെന്ന് കാണുന്നു. വലിയ തുക മുതൽ മുടക്കുന്ന പദ്ധതിയുടെ സംരക്ഷണം ഉറപ്പ് വരുത്താതെയാണ് തുക ചെലവഴിക്കുന്നത്.

6. ഏറുമാടം തെങ്ങിന്റെ കാലുകളിൽ സ്ഥാപിച്ചിട്ടുള്ളതായി സ്ഥല പരിശോധനയിൽ കണ്ടു. മഴക്കാലത്ത് വെള്ളം കയറുന്ന പ്രദേശത്ത് എത്ര കാലം ടി നിർമ്മിതികൾ നാശം കൂടാതെ നിൽക്കുമെന്ന് വ്യക്തമല്ല. ഇതുൾപ്പെടെ പ്രോജക്ട് സംബന്ധിച്ച് പ്രാഥമിക പഠനം നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല.

7. പ്രോജക്ട് നടപ്പാക്കിയ ലൊക്കേഷൻ സംബന്ധിച്ച യാതൊരു വിവരങ്ങളും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.



അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/21.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പ്രസ്തുത പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച് പരാമർശം ഉണ്ടായിരുന്നെങ്കിലും ആയത് പരിഹരിച്ചിട്ടില്ലയെന്ന് കാണുന്നു. ആയതിനാൽ ഈയിനത്തിലെ 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-21 8 വർഷത്തിൽ കറവ് കാലപഴക്കമുള്ള കെട്ടിടങ്ങൾക്ക് പുനരുദ്ധാരണത്തിനായി തുക അനുവദിച്ച

| | |
|---|---|
| പ്രോജക്ട് | നം 97/23- വീട് വാസയോഗ്യമാക്കൽ ജനറൽ |
| അടങ്കൽ | 280000/- |
| ചെലവ് | 2800000/- (പൊതു വിഭാഗം സാധാരണ വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. |

പ്രസ്തുത പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണത്തിനായി ഗ്രാമ പഞ്ചായത്തിലെ 70 ഗുണഭോക്താക്കൾക്ക് 40000 രൂപ വീതം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.കൈ 115/2022 /എൽഎസ്ജിഡി തീയതി 28.05.22 ഖണ്ഡിക 6.7.4 പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ കെട്ടിടങ്ങളുടെ കാലപ്പഴക്കം നിർണ്ണയിക്കുന്ന യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വസ്തു നികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം വീട് പുനരുദ്ധാരണത്തിനായി ധനസഹായം ലഭ്യമായ താഴെ പറയുന്ന ഭവനങ്ങളുടെ കാലപ്പഴക്കം 8 വർഷത്തിൽ താഴെയാണെന്ന് കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഗുണഭോക്താവ് | സഞ്ചയ പ്രകാരമുള്ള കെട്ടിടത്തിന്റെ കാലപ്പഴക്കം |
|---|---|---|---|
| 1 | 4/ 57 | സിസിലി മാത്യു | 3 വർഷം |
| 2 | 7/139 A | പ്രദീപ് കുമാർ | 1 വർഷം |
| 3 | 3/367 A | സരോജിനി | 1 വർഷം |
| 4 | 6/401 A | ഏലിയാമ്മ മത്തായി | 3 വർഷം |
| 5 | 7/185 A | മേരി ജോയി | 0 വർഷം |
| 6 | 12/96 A | രതീഷ് എസ് | 0 വർഷം |

പുതിയ വീട് നിർമ്മിച്ച് 8 വർഷം കഴിയാത്ത ഗുണഭോക്താക്കൾക്ക് ധന സഹായം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/21.10.23) പ്രസ്തുത ഗുണഭോക്താക്കൾ നമ്പരിടുവാനുള്ള അപേക്ഷ സമർപ്പിച്ചതിലുള്ള കാലതാമസം മൂലമാണ് സഞ്ചയയിൽ വീടിന്റെ പഴക്കം കുറവായി രേഖപ്പെടുത്തിയിരിക്കുന്നതെന്നും യഥാർത്ഥത്തിൽ 8 വർഷത്തിൽ കൂടുതൽ പഴക്കമുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പരാമർശിത കെട്ടിടങ്ങളുടെ കാലപ്പഴക്കം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി വിവരമറിയിക്കേണ്ടതാണ്.

## 1-22 വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സഹായം- പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | നം 102/23- വനിത ഗ്രൂപ്പുകൾക്ക് |

| | |
|---|---|
| | സ്വയം തൊഴിൽ സഹായം |
| ചെലവ് | 375873 (പൊതു വിഭാഗം സാധാരണ വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. |
| ബിൽ വിശദാംശങ്ങൾ | ബിൽ നം 15/23 തീയതി 07. 01. 23 , 22572രൂപ<br>ബിൽ നം 21/23 തീയതി 21. 03. 23 , 19237 രൂപ<br>ബിൽ നം 23/23 തീയതി 27. 03. 23 , 334064 രൂപ |

വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സഹായം നൽകുക എന്ന ലക്ഷ്യത്തിൽ നടപ്പാക്കിയ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. വനിത ഗ്രൂപ്പുകൾ ഗ്രാമ സഭയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.**

പ്രസ്തുത പദ്ധതി പ്രകാരം ചന്ദന, വിജയ മൈക്രോ, പെരിയാർ പവർ ടൂൾസ്, ടീ ആന്റ് മീ എന്നി ഗ്രൂപ്പുകൾക്കാണ് സഹായം നൽകിയിരിക്കുന്നത്. എന്നാൽ ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പ്രസ്തുത ഗ്രൂപ്പുകൾ ഉൾപ്പെട്ടിട്ടില്ലയെന്ന് കാണുന്നു.

**2. അധികം തുക സബ്സിഡി നൽകിയിരിക്കുന്നു.**

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.5.4 പ്രകാരം വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സഹായ സംഘങ്ങൾക്ക് ചെലവായ തുകയുടെ 75% വരെയാണ് പരമാവധി ധന സഹായം നൽകാവുന്നത്. ചന്ദന ഗ്രൂപ്പ് ഹാജരാക്കിയ രേഖകൾ പ്രകാരം (കാപ്പൻ സാനിറ്റെയേഴ്സിന്റെ 23.11.22 ലെ F/351 നം ഇൻവോയ്സ് പ്രകാരം) 28935 രൂപയാണ് ആകെ ചെലവായിരിക്കുന്നത്. ആയതിനാൽ ചന്ദന ഗ്രൂപ്പിന് പരാമവധി നൽകാൻ കഴിയുമായിരുന്ന ധന സഹായം 21701 രൂപയായിരുന്നുവെങ്കിലും (28935x0.75= 21701) 07. 01. 23 ലെ ബിൽ നം 15/23 പ്രകാരം നൽകിയിരിക്കുന്നത് 22752 രൂപയാണ്. 1051 രൂപ (22752-21701= 1051) അധികം നൽകിയിരിക്കുന്നു.

**3. വായ്പ വിവരങ്ങൾ, കരാർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.**

ബാങ്കിൽ നിന്ന് വായ്പ എടുത്ത് ആരംഭിച്ചിരിക്കുന്ന സംരഭങ്ങളുടെ മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ധന സഹായം നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം ചന്ദന, വിജയ, പെരിയാർ, ടീ ആന്റ് മീ എന്നി ഗ്രൂപ്പുകൾക്ക് ധന സഹായം നൽകിയിട്ടുണ്ട്. എന്നാൽ വായ്പാ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ പ്രസ്തുത ഗ്രൂപ്പുകൾ പദ്ധതി സംബന്ധിച്ച് പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല.

പരാമർശിത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/21.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ 1051 രൂപയുടെ ചെലവ് നിരാകരിക്കുകയും ബാക്കി തുക 374822/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്. നിരാകരിച്ച 1051/- രൂപ ബന്ധപ്പെട്ട ഗ്രൂപ്പിൽ നിന്നോ, അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

**1-23 ലൈഫ് പദ്ധതി – ഭവനനിർമ്മാണം പൂർത്തിയായില്ല**

പഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി തുകകൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ വിവരം | നാളിതുവരെ കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ദിവ്യ ദേവി | 100000 | 28.12.2021 |
| | | 40000 | 09.02.2022 |
| | | 20000 | 15.02.2022 |
| | | 40000 | 22.02.2022 |
| | | ആകെ- 200000 | |
| 2 | കുട്ടി ഉള്ളാക്കുന്നേൽ | 40000 | 25.09.2021 |
| 3 | വത്സമ്മാൾ തങ്കപ്പൻ | 40000 | 15.05.21 |
| | | 180000 | 31.03.22 |
| | | ആകെ- 220000 | |
| 4 | തങ്കമണി ചെല്ലപ്പൻ | 40000 | 27.12.2022 |
| 5 | കുമാരി വിജയ മാധവൻ | 40000 | 16.01.2023 |

ഭവന നിർമ്മാണത്തിനായി ധനസഹായം കൈപ്പറ്റിയിട്ടുള്ള പ്രസ്തുത ഗുണഭോക്താക്കൾ നാളിതുവരെ വീട് പണി പൂർത്തീകരിക്കാത്തതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/21.10.23) വീട് പണി മുടങ്ങിയതുമായി ബന്ധപ്പെട്ട് പ്രസ്തുത ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും അവർ ഉടനെ വീട് പണി പൂർത്തിയാക്കുമെന്നും അറിയിച്ചിട്ടുണ്ട്. പരാമർശിത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-24 കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കിയില്ല- അധികം തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് | 72/23, മൂപ്പനത്ത് ചിറ തിരുവമ്പാടി വാച്ചാൽ നിർമ്മാണം |
| അടങ്കൽ | 1025000 |
| ആകെ ചെലവ് | 863636 (782736രൂപ2021-22വർഷം, 80900രൂപ 2022-23വർഷം ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ | 30/28.12.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | റോജി സേവ്യർ |
| അളവ് പുസ്തകം | 43/19-20 |
| കരാർ | 43AE/LSGD/NJR/19-20 16/12/2019 |

20/4/2024 06/07/2024

52400120 - 52084

ഗ്രാമപഞ്ചായത്തിന്റെ 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന തിരുവമ്പാടി പാടശേഖരത്തിന്റെ സമീപത്തു കൂടി കടന്നു പോകുന്ന മൂപ്പനത്ത് ചിറ പുനർനിർമ്മിക്കുന്നതിനും വാച്ചാലും കൾവേർട്ടും നിർമ്മിക്കുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. എല്ലാം ഇനങ്ങൾക്കും ഐറ്റം നിരക്ക് ക്വോട്ട് ചെയ്ത റോജി സേവ്യർ എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത്. ആകെ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 10% കുറവായാണ് ടെണ്ടർ സമർപ്പിച്ചത്. പ്രവൃത്തി നിർവ്വഹണഘട്ടത്തിൽ ബണ്ട് നിർമ്മാണം ഉപേക്ഷിച്ച് വാച്ചാൽ നിർമ്മാണത്തിനായി എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. പ്രവൃത്തി നിർവ്വഹിച്ച് ബിൽ സമർപ്പിച്ചപ്പോൾ താഴെ പറയുന്ന ഇനങ്ങൾക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിലധികം നിരക്കിലും, എക്സ്ട്രാ ഇനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിന്റെ 10% നിരക്ക് കുറവ് ചെയ്യാതെയും ബിൽ തയ്യാറാക്കിയതിനാൽ കരാറുകാരന് അധികം തുക നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വിവരണം | അളവ് | നൽകിയ നിരക്ക് | തുക | നൽകേണ്ട നിരക്ക് | തുക | അധികം |
|---|---|---|---|---|---|---|---|
| 2.001 | 60.1.2 Putting Up Ring Bund....... | 7m3 | 980.08/m3 | 6860.56 | 904.45 | 6331.15 | 529.35 |
| 2.002 | 60.2.2 Bailing Out Water..... | 20hr | 246.43/hr | 49532.43 | 227.41 | 45709.41 | 3823.02 |
| E1 | 2.8.1 Earth Work.... | 493.406m3 | 167.54/m3 | 82664.23 | 156.348 | 77143.04 | 5521.19 |
| E2 | 4.1.8 Providing And Laying Cement Concrete... | 10.8m3 | 5956.9/m3 | 64334.52 | 5559 | 60037.2 | 4297.32 |
| E3 | 5.9.5 Centering And Shuttering... | 216m3 | 456.13/m3 | 98524 | 425.7 | 91951.2 | 6572.8 |
| E4 | 4.1.5 Providing And Laying Cc... | 57.6m3 | 6553.97/m3 | 377508.67 | 6116.2 | 352293.12 | 25215.55 |
| E5 | 5.22.1 Steel Reinforcement | 1217.7kg | 75.29/kg | 91680.63 | 70.26 | 85555.6 | 6125.02 |
| ആകെ | | | | | | | 52084.25 |

ബിൽ തയ്യാറാക്കിയതിലെ അപാകത മൂലം കരാറുകാരന് 52084.25 രൂപ അധികം നൽകി. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ അന്വേഷണക്കുറിപ്പിന് (13/21.10.23) തുക തിരികെ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് കൂടുതൽ വിശദീകരണമോ, സർക്കാർ ഉത്തരവോ, കരാർ വ്യവസ്ഥയോ ഹാജരാക്കാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബിൽ തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. 52084/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

### 1-25 സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകൾ ചെലവഴിച്ചിട്ടില്ല

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയിൽ 873151 രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂൾ പ്രകാരം അവശേഷിക്കുന്ന തുകകൾ ചുവടെ

ചേർക്കുന്നു.

| കോഡ് | ശീർഷകം | തുക | മറുപടിയുടെ വിശദാംശങ്ങൾ |
|---|---|---|---|
| 320700104 | സംയുക്ത പ്രോജക്ടിന് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ക്യാപിറ്റൽ) | 13151 | ബഡ്സ് സ്കൂളിനു വേണ്ടി 2018-19 വർഷം ലഭിച്ച തുക |
| 320700205 | സംയുക്ത പ്രോജക്ടിന് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം (റവന്യൂ) | 860000 | സ്കോളർഷിപ്പിന് ലഭിച്ച 100000 രൂപ, എം എൻ ലക്ഷം വീട് 300000 കിണർ റീചാർജ്ജിങ്ങിനായി ലഭിച്ച 460000 |

873151/- രൂപ ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർക്കാർ ഉത്തരവ് നം.7/2017/ഫിൻ 27.1.2017ന്റെ ലംഘനമാണ്. പ്രസ്തുത ഉത്തരവ് ഖ.VI പ്രകാരം നിർവ്വഹണത്തിന് ചുമതലപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ടി അക്കൗണ്ടിലെ തുക ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു കൂടാതെ പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുക ചെലവഴിക്കാതെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ശരിയല്ല. വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിക്കാൻ കഴിയാത്ത പക്ഷം അതാത് ഏജൻസികളിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

വിവിധ നിർവ്വഹണോദ്യോഗസ്ഥർ, നിർവ്വഹണ ഏജൻസികൾ എന്നിവയ്ക്ക് നൽകുന്ന തുകകൾ മുൻകൂറായി വാർഷികകണക്കുകൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ശീർഷകം | വിവരണം | തുക | റിമാർക്ക് |
|---|---|---|---|
| 460100101 | ഫെസ്റ്റിവൽ അഡ്വാൻസ് | 2000 | ശ്രീ ഗോപകുമാർ പി ജി ക്ലർക്കിന് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് |
| 460100103 | ടെമ്പററി അഡ്വാൻസ് | 18755 | 2019-20 വർഷം കേരളോത്സവം നടത്തിപ്പിന് നൽകിയ മുൻകൂർ |
| 460400101 | സപ്ലയർമാർക്ക് നൽകിയ മുൻകൂർ | 7761 | 2018 വർഷം ഗ്രാമലക്ഷ്മി മുദ്രാലയത്തിന് |

| | | | |
|---|---|---|---|
| | | | നൽകിയ മുൻകൂർ |
| 460500202 | നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂർ KSEB | 2302641 | - |
| 460500801 | NREGS ക്ക് നൽകിയ മുൻകൂർ | 1188712 | - |
| 460509901 | മറ്റുള്ളവർക്ക് നൽകിയ മുൻകൂർ | 20520 | സാക്ഷരത പ്രേരകിന് നൽകിയ മുൻകൂർ |
| | ആകെ | 3540389 | |

ഗ്രാമപഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ആകെ 3540389/- രൂപ വിവിധ ഇനങ്ങളിലായി മുൻകൂർ, നിക്ഷേപ പ്രവൃത്തികൾ എന്നിവയ്ക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. മുൻകൂറിന്റെ മുന്നിരിപ്പ്, 2022-23 വർഷത്തെ ഇടപാടുകൾ, വിശദാംശങ്ങൾ എന്നിവ ചേർത്ത് മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മുൻകൂറുകളും ഡെപ്പോസിറ്റ് പ്രവൃത്തികളും കൃത്യമായ ക്രമീകരണം നടക്കുന്നുണ്ടോ എന്നത് വ്യക്തമല്ല. വിവിധ ഏജൻസികളിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ, പ്രോജക്ടുകൾ പൂർത്തിയായി ക്രമീകരിക്കാൻ അവശേഷിക്കുന്നതാണോ എന്നതിൽ വ്യക്തതയില്ല. തുടർ നടപടികൾ സ്വീകരിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറി നൽകിയിട്ടുണ്ട്, എന്നാൽ ലഭ്യമാക്കിയ ഫയലിൽ കൈപ്പറ്റ് രസീത് / വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | SO 259/23, ഇന്റർനാഷണൽ കോൺക്ലേവ് നടത്തിപ്പ് ശുചിത്വ മിഷൻ വിഹിതം നൽകൽ |
| ചെലവ് | Rs. 25000/- CFC Grant |
| ബിൽ നമ്പർ/ തീയതി | 270/09.03.2023 |

2)

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | SO 76/23, വയോമിത്രം വിഹിതം നൽകൽ |
| ചെലവ് | Rs. 300000/- , വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ / തീയതി | 110/11.11.2022 |

ടി പദ്ധതികളുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് എന്നിവ ടി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ് . വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 3,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-28 റോഡ് കണക്ടിവിറ്റി മാപ് - തയ്യാറാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 156/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 42000 തനത് ഫണ്ട് |
| ചെലവ് | 35000,ബിൽ നമ്പർ |

സർക്കാർ ഉത്തരവ് (കൈ)നം. 84/22തസ്വഭവ തീയതി 19/04/2022 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 8.14 നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഒരു പ്രോജക്ടും മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് തൻ വർഷം പ്രോജക്ട് തയ്യാറാക്കി വാർഡുകളിലെ മാപ്പിങ്ങ് നടത്തിയതിന് സൂരജ ശ്രീജിത്തിന് 35000 രൂപ നൽകിയിട്ടുണ്ട്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളപക്ഷം ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (13/21.10.2023) നിലവിൽ R Track ആപ്ലിക്കേഷനിൽ വിവിധ റോഡുകളുടെ മാപ്പിങ്ങും സർവ്വേയും മാത്രമാണ് പൂർത്തിയായതെന്നും വേരിഫിക്കേഷൻ നടപടികൾ കൂടി പൂർത്തിയായാലേ മാപ്പിങ്ങ് പൂർത്തിയാകൂ എന്നും സോഫ്റ്റ്‌വെയർ അപാകത പരിഹരിച്ച് കിട്ടുന്ന മുറയ്ക്ക് പ്ലാനും മാപ്പും തയ്യാറാകുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നടപടികൾ പൂർത്തിയാകുന്നതു വരെ 35000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-29 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | സ്വാന്തന പരിപാലന പദ്ധതി 71/23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ( പി എച്ച് സി) |
| അടങ്കൽ തുക/ഫണ്ടിനം | 300000 (വികസന ഫണ്ട് പൊതുവിഭാഗം)<br>300000 (ജില്ലാ പഞ്ചായത്ത്)<br>--------------<br>600000 |
| ചെലവഴിച്ച തുക | 459432 |

പ്രോജക്ടിന്റെ ഭാഗമായി 64242/- (ബിൽ നമ്പർ 20/1.12.22 തുക-32530, ബിൽ നമ്പർ 28/22.12.22 തുക 31712/- രൂപ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. എന്നാൽ മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. മരുന്ന ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, മരുന്നുകൾ സ്റ്റോക്കിൽ ചേർത്തതിന്റെ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ 64242/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-30 പി എച്ച് സിയിലേയ്ക്ക് മരുന്ന വാങ്ങൽ, - ചെലവു വിശദാംശങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ ചെലവു വിവരങ്ങൾ പൂർണ്ണമായി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് /നമ്പർ | ആകെ ചെലവ് തുക | ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കാത്ത ചെലവ് തുക | ബിൽ നം./ തീയതി |
|---|---|---|---|
| പി എച്ച് സിയിലേയ്ക്ക് മരുന്നു വാങ്ങൽ, 9/21-22 | 500615 (97119 വികസന ഫണ്ട് ജനറൽ, 403496 - മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 35550- (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 58/30.08.2022 |

ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (28/25.10.2023) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതു വരെ 35550 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

താഴെ ചേർക്കുന്ന പദ്ധതിക്കായി കെ എസ് ഇ ബി യിൽ തുക നിക്ഷേപിച്ചിരുന്നു.

| പ്രോജക്ട് നമ്പർ/പേര് | SO 6/23, സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റൻഷൻ | |
|---|---|---|
| ചെലവ് | Rs. 2273565/- ,<br>സി എഫ് സി ഗ്രാന്റ് – Rs. 2179411 /-<br>തനത് ഫണ്ട് – Rs. 94154 /- | |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |
| ബിൽ നമ്പർ / തീയതി | ബിൽ നമ്പർ . 185/11.01.23 – Rs. 1007966 /- | കെ.എസ്.ഇ.ബി കറവിലങ്ങാട് സെക്ഷൻ |
| | ചെക്ക് നം. 9210052/08.03.23 Rs. 94154/- | |
| | ബിൽ നമ്പർ 165/28.12.22 Rs. 1171445/-<br>(129500/ - രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി) | കെ.എസ്.ഇ.ബി പെരുവ സെക്ഷൻ |

സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾക്കായി കെ എസ് ഇ ബി യുടെ കറവിലങ്ങാട്, പെരുവ എന്നീ സെക്ഷനുകളിൽ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഡിപ്പോസിറ്റ് പ്രവൃത്തി ആയി തുക കൈമാറിയിട്ടുണ്ട്. എന്നാൽ 129500/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം (പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചതിന്റെ മാത്രം) മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. സ്ട്രീറ്റ് ലൈൻ

എക്സ്റ്റൻഷൻ വർക്കുകൾക്കായുള്ള മെറ്റീരിയൽസിന്റെ ക്ഷാമം മൂലമാണ് പ്രവൃത്തികൾ വൈകുന്നതെന്ന് കെ എസ് ഇ ബി കത്ത് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. സാക്ഷ്യപത്രം ലഭിക്കാത്ത 2144065/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കിയില്ല- അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് | 72/23, മൂപ്പനത്ത് ചിറ തിരുവമ്പാടി വാചാൽ നിർമ്മാണം |
| അടങ്കൽ | 1025000 |
| ആകെ ചെലവ് | 863636 (782736രൂപ2021-22വർഷം, 80900രൂപ 2022-23വർഷം ജില്ലാ പഞ്ചായത്ത് വിഹിതം) |
| ബിൽ നമ്പർ | 30/28.12.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | റോജി സേവ്യർ |
| അളവ് പുസ്തകം | 43/19-20 |
| കരാർ | 43AE/LSGD/NJR/19-20 16/12/2019 |

ഗ്രാമപഞ്ചായത്തിന്റെ 11-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന തിരുവമ്പാടി പാടശേഖരത്തിന്റെ സമീപത്തു കൂടി കടന്നു പോകുന്ന മൂപ്പനത്ത് ചിറ പുനർനിർമ്മിക്കുന്നതിനും വാച്ചാലും കൾവേർട്ടും നിർമ്മിക്കുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. എല്ലാം ഇനങ്ങൾക്കും ഐറ്റം നിരക്ക് ക്വോട്ട് ചെയ്ത റോജി സേവ്യർ എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത്. ആകെ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 10% കുറവായാണ് ടെണ്ടർ സമർപ്പിച്ചത്. പ്രവൃത്തി നിർവ്വഹണഘട്ടത്തിൽ ബണ്ട് നിർമ്മാണം ഉപേക്ഷിച്ച് വാച്ചാൽ നിർമ്മാണത്തിനായി എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. പ്രവൃത്തി നിർവ്വഹിച്ച് ബിൽ സമർപ്പിച്ചപ്പോൾ താഴെ പറയുന്ന ഇനങ്ങൾക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിലധികം നിരക്കിലും, എക്സ്ട്രാ ഇനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിന്റെ 10% നിരക്ക് കുറവ് ചെയ്യാതെയും ബിൽ തയ്യാറാക്കിയതിനാൽ കരാറുകാരന് അധികം തുക നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വിവരണം | അളവ് | നൽകിയ നിരക്ക് | തുക | നൽകേണ്ട നിരക്ക് | തുക | അധികം |
|---|---|---|---|---|---|---|---|
| 2.001 | 60.1.2 Putting Up Ring Bund....... | 7m3 | 980.08/m3 | 6860.56 | 904.45 | 6331.15 | 529.35 |
| 2.002 | 60.2.2 Bailing Out Water..... | 20hr | 246.43/hr | 49532.43 | 227.41 | 45709.41 | 3823.02 |
| E1 | 2.8.1 Earth Work.... | 493.406m3 | 167.54/m3 | 82664.23 | 156.348 | 77143.04 | 5521.19 |
| E2 | 4.1.8 Providing And Laying Cement Concrete... | 10.8m3 | 5956.9/m3 | 64334.52 | 5559 | 60037.2 | 4297.32 |
| E3 | 5.9.5 Centering And Shuttering... | 216m3 | 456.13/m3 | 98524 | 425.7 | 91951.2 | 6572.8 |
| E4 | 4.1.5 Providing And Laying Cc... | 57.6m3 | 6553.97/m3 | 377508.67 | 6116.2 | 352293.12 | 25215.55 |
| E5 | 5.22.1 Steel Reinforcement | 1217.7kg | 75.29/kg | 91680.63 | 70.26 | 85555.6 | 6125.02 |
| ആകെ | | | | | | | 52084.25 |

ബിൽ തയ്യാറാക്കിയതിലെ അപാകത മൂലം കരാറുകാരന് 52084.25 രൂപ അധികം നൽകി. അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ അന്വേഷണക്കുറിപ്പിന് (13/21.10.23) തുക തിരികെ ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് കൂടുതൽ വിശദീകരണമോ, സർക്കാർ ഉത്തരവോ, കരാർ വ്യവസ്ഥയോ ഹാജരാക്കാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബിൽ തയ്യാറാക്കിയ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. 52084/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക

| പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | അംഗീകരിച്ച കമ്മറ്റി തീരുമാനം നം/ തീയതി |
|---|---|---|
| 2022-23 | 20.10.2023 | 1/24.06.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 150000 | 92/23 പച്ചക്കറി തൈ വിതരണം | 150000 | 0 |
| കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 260000 | 99/23ലൈഫ് ഭവനനിർമ്മാണം (ജനറൽ) | 260000 | 0 |
| കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 250000 | 4/23 പൂരക പോഷകാഹാരം | 250000 | 0 |
| കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 200000 | 122/23ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| " | 637078 | 215/23 ആറാം വാർഡ് അംഗൻവാടി സ്ഥലം വാങ്ങൽ | 637078 | 0 |
| " | 213034 | 192/23 ഇല്ലം നിറ വല്ലം നിറ-ഞീഴൂർ പാടശേഖരത്തിലെ തോടിന് ആഴം കൂട്ടൽ | 213034 | 0 |
| " | 475163 | 30/23 കണക്കാംചേരി ചേരുംതടം പാലം മെയിന്റനൻസ് | 475163 | 0 |
| " | 469721 | 121/23 പാലിന് സബ്സിഡി | 469721 | 0 |
| ആകെ | 2654996 | | **2654996** | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 159441 | 71/23 സാന്ത്വന പരിപാലനം | 159441 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 1550000 | 99/23 ലൈഫ് ഭവനനിർമ്മാണം (ജനറൽ) | 1550000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 1400000 | 98/23 ലൈഫ് ഭവനനിർമ്മാണം (എസ്.സി.പി.) | 1400000 | 0 |
| കോട്ടയം ജില്ലാ | 100000 | 4/23 പൂരക പോഷകാഹാരം | 100000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 120000 | 122/23ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 120000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 971199 | 30/23 കണക്കംചേരി ചേരുംതടം പാലം മെയിന്റനൻസ് | 971199 | 0 |
| " | 80900 | 72/23 മുപ്പനത്ത് ചിറ തിരുവമ്പാടി വാച്ചൽ നിർമ്മാണം | 80900 | 0 |
| " | 550000 | 121/23 പാലിന് സബ്സിഡി | 550000 | 0 |
| ആകെ | 4931540 | | 4931540 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രോജക്ട് നമ്പർ, പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | SO 6/23, സ്ട്രീറ്റ് ലൈറ്റ് മെയിൻ എക്സ്റ്റൻഷൻ | 2273565 | 129500 | 2144065 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ.

2022-23 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ (എം.എസ്) 100/2018, 30.07.2018 | 5497684 | 4045684 | 660000 | 818794 | - | 3886890 |
| ഇഎംഎസ് ഭവന പദ്ധതി | -- | | 11,84,942 (പലിശ) | | - | - | 11,84,942 (പലിശ) |

വാർഷികധനകാര്യപത്രിക പ്രകാരമുള്ള വായ്പാ നീക്കിയിരിപ്പ് തുക 3672000/- രൂപയാണ്. ഇത് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ ലോൺ രജിസ്റ്ററുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക ധനകാര്യപത്രിക പ്രകാരം ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

വാർഷികകണക്കുകളിലെ I-19 (Prior Period Income) ഷെഡ്യൂളിൽ 190100102, 190200201 എന്നീ ശീർഷകങ്ങളിൽ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ പ്രകാരം ഈടാക്കിയിട്ടുള്ള ഓഡിറ്റ് റിക്കവറി തുകകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തൻ വർഷം ലഭിച്ച ഓഡിറ്റ് റിക്കവറി തുകകൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമല്ലാത്തതിനാൽ വിശദാംശങ്ങൾ ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് റിക്കവറി ഇനത്തിൽ സ്വീകരിക്കുന്ന തുകകൾ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം., ഈടാക്കിയ തുക, അടവാക്കിയ വ്യക്തിയുടെ പേര്, ഉദ്യോഗപ്പേര്, റിക്കവറി ഇനം, രസീത് നം., തീയതി തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | 2014-15 2-1 | 2016-17 അനുബന്ധം 3 | വസ്തുനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| | 2014-15 2-2 | 2016-17 അനുബന്ധം 4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1 | 2019-20 1-15 | 2020-21 അദ്ധ്യായം 1.3(8) | പാലിയേറ്റീവ് കെയർ വാഹനം വാടകയ്ക്ക് എടുത്തതിൽ അപാകത | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2 | 2019-20 1-19 | 2020-21 അദ്ധ്യായം 1.4(3) | തുമ്പൂർമുഴി എയ്റോബിക് കമ്പോസ്റ്റ് സ്ഥാപിതം | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

| | | | |
|---|---|---|---|
| | | തുടർ പ്രവർത്തനങ്ങൾ ഇല്ല | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്ജ് / സർചാർജ്ജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ (രസീത് & പേയ്മെന്റ് പ്രകാരം) | : 42649553 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(രസീത് & പേയ്മെന്റ് പത്രിക പ്രകാരം) | : 31326246 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 117986933 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 127915845 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 52084 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 3285624 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (1-24) | -- | 52084 | ശ്രീമതി ബിജിമോൾ പി.പി. അസിസ്റ്റന്റ് എഞ്ചിനീയർ ഞീഴൂർ ഗ്രാമപഞ്ചായത്ത് |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 99695 | ഡോ.സൗമ്യ വി.ജോയി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. കാട്ടാമ്പാക്ക് |
| 1-19 | 7250 | ശ്രീമതി സത്യ എം.ജെ., കൃഷി ഓഫീസർ |
| 1-20 | 200000 | ശ്രീമതി സത്യ എം.ജെ., കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-22 | 374822 | ശ്രീ.അരുൺകുമാർ എസ്. വി.ഇ.ഒ. |
| 1-27 | 325000 | ശ്രീ.ബിജു എം.മാത്യൂസ്, സെക്രട്ടറി |
| 1-28 | 35000 | ശ്രീമതി ബിജിമോൾ പി.പി.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 64242 | ഡോ.സൗമ്യ വി.ജോയി,<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി.<br>കാട്ടാമ്പാക്ക് |
| 1-30 | 35550 | ഡോ.അലക്സ് തോമസ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 1-31 | 2144065 | ശ്രീ.ബിജു എം.മാത്യൂസ്, സെക്രട്ടറി |
| ആകെ | 3285624 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിജിമോൾ പി.പി. | അസിസ്റ്റന്റ് എഞ്ചിനീയർ ഞീഴൂർ ഗ്രാമപഞ്ചായത്ത് | കണ്ണമംഗലം ഹൗസ് വെച്ചൂർ പി.ഒ. വൈക്കം - 686144 |

4-11 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 98-99(ചെലവ്) | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(1) /22/03.08.2022 | 1 |
| 99-2000(ചെലവ്) | കെ.എസ്.എ.കെ.ടി.എം പി8./അദാ.22/1763(2) /22/03.08.2022 | 03 |
| 2000-01 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(3) /03.08.2022 | 2 |

| | | |
|---|---|---|
| 2001-02 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(4) /03.08.2022 | 1 |
| 2005-06 | കെ.എസ്.എ.കെ.ടി.എം പി8(അദാ18)/38(8)/18 തീയതി 4.1.18/21.3.18 | 1 |
| 2009-10, 2010-11 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(5) /03.08.2022 | 1 |
| 2011-12 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(6) /03.08.2022 | 1 |
| 2012-13 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(7) /03.08.2022 | 3 |
| 2015-16 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(9) /03.08.2022 | 3 |
| 2016-17 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(10) /03.08.2022 | 01 |
| 2017-18 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(11) /03.08.2022 | 3 |
| 2018-19 | കെ.എസ്.എ.കെ.ടി.എം പി8/അദാ 22/1763(12) /03.08.2022 | 7 |
| 2019-20 | കെ.എസ്.എ.കെ.ടി.എം പി8/984/2022/10.06.2022 | 9 |
| 2020-21 | കെ.എസ്.എ.കെ.ടി.എം പി8/1361/2021/27.09.2021 | 41 |
| 2021-22 | കെ.എസ്.എ.കെ.ടി.എം പി8/415/22/31.03.2023 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 24-06-2023 and submitted on 24-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Njeezhoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Njeezhoor Grama Panchayat for the year 2022-2023

**Date: 12/12/2023**

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Njeezhoor Grama Panchayat for the Year 2022-2023.

**1.Major Observations**

1.General Fund Details not maintained. Source Data not available for the value of total general fund as on 31/03/2023

2.Non Disclosure of Capital Contribution-Capital contribution opening balance details, fundwise

capital contribution of current year are not available

3 .Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not updated

4.Closing Balance as per RP 40b is incorrect

**2.Other Observations**

1. Ratios on various financial performance as prescribed in accounting rules are not generated and submitted for audit.

2.Depreciation calculation sheet not provided

3 The register showing the details of Capital Work in Progress is not kept.

4 Finance Commission grant figures are not accurate

5.The accuracy of the amounts entered as "Directly Debited By Bank" in the Bank Reconciliation Statement is unclear

6.Rs.10,440/- received as unemployment allowance is not accounted fully

7.Basic registers (Advance and deposit registers)are not properly prepared

8.DCB of all receipts Does not match with AFS

9.Loan register does not matche with AFS

10.Details of amounts adjusted as prior period expenses are not available

11.MGNREGS cash book differs with AFS

12.Details of the balance amount under the head Beneficiery contribution of B-4 shedule, are not provided

DEPUTY DIRECTOR
KERALA STATE AUDIT DEPT.
DISTRICT AUDIT OFFICE, KOTTAYAM

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

KERALA STATE AUDIT DEPTT
KOTTAYAM
686 002
DISTRICT AUDIT OFFICE

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Njeezhoor Grama Panchayat
## BALANCE SHEET

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -12521806.85 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1664.00 |
| 312000000 | Reserves | B-3 | 52466468.00 |
| | **Total Reserve & Surplus** | | **39946325.15** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6306624.00 |
| | **Total Grants, Contributions for Specific Purposes** | | **6306624.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3672000.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3672000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1347904.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2232918.85 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **3580822.85** |
| | **TOTAL LIABILITIES** | | **53505772.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1633352.00 |
| 412000000 | Capital Work in Progress | B-11(b) | 3174219.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2034696.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11451587.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 44096903.00 |
| 416000000 | Accumulated Depreciation | B-11(a) | -32743646.00 |
| | **Total Fixed Assets** | | **29647111.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |



Digitally signed by [illegible]
Date: 2023.06.24 [illegible]
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5323875.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 3670890.00 |
| 450000000 | Cash and Bank Balance | B-17 | 11323307.00 |
| 460000000 | Loans, Advances and Deposits | B-18 | 3540589.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **23858661.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **53505772.00** |

## Njeezhoor Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3739479.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 359911.00 |
| 140000000 | Fee & User Charges | I-4 | 630811.00 |
| 150000000 | Sale & Hire Charges | I-5 | 150443.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 112835904.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 263861.00 |
| 180000000 | Other Income | I-9 | 6524.00 |
| 190000000 | Prior Period Income | I-19 | 75842.00 |
| | **Total Income** | | **117986933.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 12338683.00 |
| 220000000 | Administrative Expenses | I-11 | 1450535.00 |
| 230000000 | Operations & Maintenance | I-12 | 1267350.00 |
| 240000000 | Interest & Finance Charges | I-13 | 8658.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6786073.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 20612744.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 22602066.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 19861602.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 33639920.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by [illegible]
Date: 2023.06.24 [illegible]
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 9338214.00 |
| | **Total Expenditure** | | **127915845.00** |
| | **Gross Surplus / Deficit of income over Expenditure** | | **-9928912.00** |
| | **Gross Surplus / Deficit of income over Expenditure** | | **-9247912.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -756842.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-681000.00** |